15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2415 — 24-06-2024 - ൽ മറുപടിയ്ക്ക്

മൊകേരി കോളേജിലെ ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവൃത്തി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ടുള്ള മൊകേരി കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന മൊകേരി കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തി നടപ്പാക്കുന്നതു സംബന്ധിച്ച പുതുക്കിയ എസ്റ്റിമേറ്റ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KITCO കിഫ്ബിയുടെ പരിഗണനയ്ക്കായി നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ, ആയതിന് അംഗീകാരം നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിയുടെ എസ്.പി.വി.യിൽ നിന്നും പുതുക്കിയ പ്രോജക്റ്റ് റിപ്പോർട്ട് ലഭിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ പുതുക്കിയ പ്രോജക്റ്റ് റിപ്പോർട്ട് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി പുതുക്കിയ പ്രോജക്റ്റ് റിപ്പോർട്ട് എത്രയും പെട്ടെന്ന് കിഫ്ബിയിൽ സമർപ്പിക്കുന്നതിന് ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ മന്ത്രിയും കിഫ്ബിയും പദ്ധതി നിർവ്വഹണ ഏജൻസിയായ KITCOയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 23-05-2024-ൽ ബഹു.ഉന്നതവിദ്യാഭ്യാസ വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗത്തിൽ, ടി കോളേജിനോട് ചേർന്ന് നിലവിൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ പ്രൊപ്പോസ് ചെയ്തിട്ടുള്ള റോഡിനോട് ചേർന്നുള്ള സ്ഥലം കണ്ടെത്തി, ജിയോ-ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ നടത്തി, ആയതിന്റെ റിപ്പോർട്ട് പ്രകാരം ടി പ്രവൃത്തിയുടെ ഡിസൈൻ പുതുക്കി, കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കണമെന്ന് KITCOയ്ക്ക് ബഹു.മന്ത്രി നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കൂടാതെ, 14-06-2024-ൽ കിഫ്ബിയിൽ കൂടിയ അവലോകന യോഗത്തിൽ, പ്രസ്തുത പ്രവൃത്തിക്ക് Fire NOC ലഭിക്കത്തക്ക രീതിയിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തിയതിനു ശേഷം ഇതു സംബന്ധിച്ച റിപ്പോർട്ട് 2024 ജൂൺ അവസാനത്തോടുകൂടി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ് എന്ന് KITCO അറിയിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി മണ്ണു പര്യവേക്ഷണം ആരംഭിച്ചിട്ടുണ്ടെന്നും എസ്.പി.വി അറിയിച്ചിട്ടുണ്ട്. ടി |

| | | | |
|---|---|---|---|
| | | | വിശദാംശങ്ങൾ സഹിതമുള്ള പുതുക്കിയ ശിപാർശ കിഫ്ബിയിൽ ലഭ്യമാക്കുന്ന മുറയ്ക്ക്, ആയത് പരിശോധിച്ച് കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമായി അംഗീകാരം നൽകാവുന്നതും തുടർന്ന് ടി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ എസ്.പി.വി-യ്ക്ക് സ്വീകരിക്കാവുന്നതുമാണ്. |
| (സി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ? | (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി പുതുക്കിയ പ്രോജക്റ്റ് റിപ്പോർട്ട് എത്രയും പെട്ടെന്ന് കിഫ്ബിയിൽ സമർപ്പിക്കുന്നതിന് ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും കിഫ്ബിയും പദ്ധതി നിർവ്വഹണ ഏജൻസിയായ KITCOയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 23-05-2024-ൽ ബഹു.ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗത്തിൽ, ടി കോളേജിനോട് ചേർന്ന് നിലവിൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ പ്രൊപ്പോസ് ചെയ്തിട്ടുള്ള റോഡിനോട് ചേർന്നുള്ള സ്ഥലം കണ്ടെത്തി, ജിയോ-ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ നടത്തി, ആയതിന്റെ റിപ്പോർട്ട് പ്രകാരം ടി പ്രവൃത്തിയുടെ ഡിസൈൻ പുതുക്കി, കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കണമെന്ന് KITCOയ്ക്ക് ബഹു.മന്ത്രി നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കൂടാതെ, 14-06-2024-ൽ കിഫ്ബിയിൽ കൂടിയ അവലോകന യോഗത്തിൽ, പ്രസ്തുത പ്രവൃത്തിക്ക് Fire NOC ലഭിക്കത്തക്ക രീതിയിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തിയതിനു ശേഷം ഇതു സംബന്ധിച്ച റിപ്പോർട്ട് 2024 ജൂൺ അവസാനത്തോടുകൂടി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ് എന്ന് KITCO അറിയിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി മണ്ണു പര്യവേക്ഷണം ആരംഭിച്ചിട്ടുണ്ടെന്നും എസ്.പി.വി അറിയിച്ചിട്ടുണ്ട്. ടി വിശദാംശങ്ങൾ സഹിതമുള്ള പുതുക്കിയ ശിപാർശ കിഫ്ബിയിൽ ലഭ്യമാക്കുന്ന മുറയ്ക്ക്, ആയത് പരിശോധിച്ച് കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമായി അംഗീകാരം നൽകാവുന്നതും തുടർന്ന് ടി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ എസ്.പി.വി-യ്ക്ക് സ്വീകരിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ